# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 3027.

19-06-2018 ൽ മറുപടിയ്ക്ക്

## കൈപ്പാട് പ്രദേശത്തെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്ന നടപടി

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ കൈപ്പാട് പ്രദേശത്തെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; കൈപ്പാട് മേഖലയിലെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണ്; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ഉണ്ട്. നിലവിൽ 153 ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്യുന്നത്. തരിശായി കിടക്കുന്ന 120 ഹെക്ടർ സ്ഥലത്ത് ഈ വിരിപ്പ സീസണിൽ കൃഷി ആരംഭിക്കുന്നുണ്ട്.<br>തൊഴിലാളികളുടെ ക്ഷാമം, വർദ്ധിച്ച ഉല്പാദനച്ചെലവ്, കൈപ്പാട് കൃഷിയ്ക്ക് യോജിച്ച യന്ത്രങ്ങളുടെ അഭാവം, ജലനിർഗ്ഗമനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവയാണ് വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് നേരിടുന്ന പ്രതിസന്ധികൾ. ഇവ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഏഴോം കൃഷിഭവൻ പരിധിയിലെ അഗ്രോ-സർവ്വീസ് സെന്ററും പട്ടുവം കൃഷിഭവൻ പരിധിയിലെ കാർഷിക സർവ്വകലാശാലയുടെ തൊഴിൽസേനയും ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുമായി മയ്യിൽ കൃഷിഭവൻ, ഇരിട്ടി ബ്ലോക്ക് എന്നിവിടങ്ങളിൽ പുതിയ അഗ്രോ-സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രത്യേക കാർഷിക മേഖല പദ്ധതിയിൽപ്പെടുത്തി കൈപ്പാട് പ്രദേശത്തെ പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| | | | പരിഹരിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കായി 32.9 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | കൈപ്പാട് പ്രദേശത്തിന്റെ പ്രത്യേകത പരിഗണിച്ച് കണ്ണൂർ ജില്ലയിൽ കൈപ്പാട് സ്പെഷ്യൽ സോൺ ആയി പ്രഖ്യാപിച്ചതിനാൽ പ്രസ്തുത പ്രദേശത്ത് കൃഷിക്ക് കൂടുതൽ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ബി) | പ്രത്യേക കാർഷിക മേഖല പദ്ധതിയിൽ കൈപ്പാട് സ്പെഷ്യൽ സോണിനു മൂന്നു വർഷത്തേയ്ക്കായി 1303 ലക്ഷം രൂപയുടെ പദ്ധതികൾ വിഭാവനം ചെയ്യുന്നു. ആയതിൽ 32.9 ലക്ഷം രൂപ ഒന്നാം വർഷത്തേയ്ക്കായി അനുവദിക്കുകയും ചെയ്തു. അത് പ്രകാരം ചെറുകുന്ന്, ഏഴോം, പട്ടുവം, കണ്ണപുരം കൃഷിഭവൻ പരിധിയിലെ ബണ്ട് നിർമ്മാണത്തിനായി 11.9 ലക്ഷം രൂപയും, ചെറുകുന്ന് ഏഴോം പട്ടുവം കൃഷിഭവൻ പ്രദേശത്ത് ഏലാത്തോടുകളുടെ നിർമ്മാണത്തിനു 15 ലക്ഷം രൂപയും, പട്ടുവത്ത് റ്റില്ലർ പാർക്കിനു 3 ലക്ഷം രൂപയും, പുഴാതിയിൽ ജലനിർഗ്ഗമന ചാലുകളുടെ നിർമ്മാണത്തിനായി 3 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**